(2) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ദുരവസ്ഥ

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ സംസ്ഥാനത്തെ ആധുനിക ശുശ്രൂഷാ സ്ഥാപനങ്ങളുടെയും ആരോഗ്യ വിദ്യാഭ്യാസത്തിന്റെയും മാതാവാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. സ്വാതന്ത്ര്യലബ്ധിയുടെ ശുഭപ്രതീക്ഷകൾ വെളിച്ചംവീശിനിന്ന ഒരു കാലഘട്ടത്തിൽ ഒന്നാം പഞ്ചവൽസര പദ്ധതി നമ്മുടെ രാജ്യത്തെ ജനങ്ങളുടെയിടയിൽ ഇളക്കിവിട്ട വികസനങ്ങളുടെ പ്രതീക്ഷകൾക്കുള്ളിൽ ലോകാദരണീയനായ ജവഹർലാൽ നെഹ്റു ആരംഭം കുറിച്ചതാണ് ഈ മെഡിക്കൽ കോളേജ് ആശുപത്രി. നമ്മുടെ രാജ്യത്തെ എത്രയെത്ര മനുഷ്യ ജീവനുകളെയാണ് മരണത്തിൽ നിന്നും ഈ സ്ഥാപനം രക്ഷപ്പെടുത്തിയിട്ടുള്ളത്. അതുമാത്രമല്ല എത്രയെത്ര ആതുരശുശ്രൂഷാ നിരതരായ ഡോക്ടർമാരെ ഈ സ്ഥാപനം സംഭാവന ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ദരിദ്ര നാരായണൻമാരായവർക്ക് അഭയം പ്രാപിക്കാൻ കഴിയുന്ന ഏക ആശുപത്രിയാണ് മെഡിക്കൽ കോളേജ്. പണവും സ്വാധീനവും ഉള്ളവർ സ്വകാര്യ ആശുപത്രികളിലേക്ക് പോകും. പക്ഷെ അവിടെനിന്നും അവസാനം പറഞ്ഞയയ്ക്കുന്നത് മെഡിക്കൽ കോളേജിലേയ്ക്കാണ്. ഈ മെഡിക്കൽ കോളേജ് ഗുരുതരമായ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള രോഗികളുടെ ആത്മവിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ആശുപത്രിയുടെ വിശ്വാസ്യത നശിച്ചുകൊണ്ടിരിക്കുന്നു. ഗുരുതരമായ ഈ സാഹചര്യത്തിൽ നിന്നും ഈ ആശുപത്രിയെ കരകയറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

1954-ൽ 1442 ബെഡ്ഡുകളോടെയാണ് ഈ ആശുപത്രി ആരംഭിക്കുന്നത്. 35 വർഷത്തിനുശേഷം 50 ബെഡ്ഡുകൾ കൂടി. 5 വർഷത്തിനു ശേഷം കഴിഞ്ഞ തവണ 50 ബെഡ്ഡുകൾ കൂടി കൂടി, അങ്ങനെ ആകെ 100 ബെഡ്ഡുകളാണ് വർദ്ധിച്ചിട്ടുള്ളത്. ഒ.പി.യിൽ ഏകദേശം ആയിരം പേരും, കാഷ്വാലിറ്റിയിൽ 750 പേരും, ഐ.പി.യിൽ 1750 മുതൽ 1900 ആളുകളുമാണ് ഒരുദിവസം എത്തുന്നത്. 50 കിടക്ക വീതമുള്ള വാർഡുകളാണുള്ളത്. അവിടെ 200 രോഗികളെയാണ് അഡ്മിറ്റ് ചെയ്യുന്നത് അതോടൊപ്പംതന്നെ ഹെഡ് ഇൻജുറി മുതൽ വയറിനകത്ത് രക്തസ്രാവം വരെയുള്ള രോഗികളെ തറയിലും മറ്റും കിടത്തിയാണ് ചികിൽസിക്കുന്നത്. എല്ല് വിഭാഗത്തിൽ കൈയും കാലും ഒടിഞ്ഞവർ തറയിൽകിടന്ന് ചികിൽസ നേടുന്നു. ഹാർട്ട് അറ്റാക്ക് തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾക്ക് കാര്യമായ പരിഗണന ലഭിക്കുന്നില്ല. അവിടെ അഞ്ച് എക്സ്റേ മെഷീനുകളാണുള്ളത്. അതിൽ മൂന്നെണ്ണം 18 വർഷം പഴക്കമുള്ളതാണ്. 90 ലക്ഷം രൂപയാണ് എക്സ്റേ എടുക്കുന്ന ഫിലിമിനുവേണ്ടി ചെലവാകുന്നത്. അതുപോലെതന്നെ ഒരു വർഷം അൻപതിനായിരത്തിനും ഒരു ലക്ഷത്തിനുമിടയ്ക്ക് രൂപ മെയിന്റനൻസിന് വേണം. ഇതൊക്കെ ചെയ്താലും ശരി നല്ല ഫിലിം കിട്ടുകയില്ല. കേരളത്തിന്റെ ആദരണീയനായ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ദുരവസ്ഥയിൽ നിന്ന് ഈ ആശുപത്രിയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള കാര്യമായ നടപടികൾ ഉണ്ടായത്. ഒരു മാനേജിംഗ് കമ്മിറ്റി ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള വൃത്തിഹീനമായ സംവിധാനങ്ങളെ മാറ്റി. അതിനെതിരെ ആദ്യം കുറച്ച് നോട്ടീസ് ഇറക്കുകയും മുദ്രാവാക്യം വിളിക്കുകയുമൊക്കെ ചെയ്തു. എന്നാൽ കാര്യക്ഷമമായ നടപടികളിലൂടെ ആ ആശുപത്രിയെ രക്ഷപ്പെടുത്തുകയുണ്ടായി. പക്ഷെ ഇന്ന് ആ ആശുപത്രി ഗുരുതരമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എന്റെ ചില നിർദ്ദേശങ്ങൾ ഉണ്ട്. ഒന്ന്, ബ്ലഡ്ടെസ്റ്റ്, മൈക്രോബയോ ടെസ്റ്റ്, ക്ലിനിക്കൽ പത്തോളജി എന്നിവയ്ക്ക് വിപുലീകൃതമായ ലാബ് സിസ്റ്റം ആവശ്യമാണ്. അതുപോലെ തന്നെ MGP (Modernisation of Government Programme) നടക്കുന്ന ഈ ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയെ ഒരു സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കണം. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളും, കോഴിക്കോട് മെഡിക്കൽ കോളേജ് മലബാറിലെ മെഡിക്കൽ കോളേജുകളൊക്കെ ശ്രദ്ധിക്കുന്നതോടൊപ്പം എല്ലാ ആതുരശുശ്രൂഷാ സ്ഥാപനങ്ങളുടേയും അമ്മയായ ഈ സ്ഥാപനത്തിന് അർഹമായ പരിഗണന നൽകണം. കൊല്ലം, തിരുവനന്തപുരം എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെയും തമിഴ്നാട്ടിൽ നിന്നും കന്യാകുമാരിയിൽ നിന്നും വരുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളുടേയും പ്രതീക്ഷയായ ഈ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്. എങ്കിലും രോഗികളുടെ വർദ്ധനവിനനുസരിച്ച് പൂർണ്ണമായി സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചുവെന്ന് അവകാശപ്പെടുന്നില്ല. 1439 കിടക്കകളുള്ള ഇവിടെ ഒരു വർഷം കിടത്തിച്ചികിൽസിക്കുന്ന രോഗികളുടെ എണ്ണം 64,000 ആണ്. 5300 ഓളം രോഗികളെ ഒ. പി. വിഭാഗത്തിലും ചികിൽസിക്കുന്നുണ്ട്. ചില വിഭാഗത്തിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം ഉണ്ടായിരുന്നു. ആ സാഹചര്യം ഇപ്പോൾ ഇല്ല. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ വാർഡുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കായി വരുന്ന രോഗികളുടെ എണ്ണം കുറയ്ക്കണമെങ്കിൽ ജില്ലാ താലൂക്ക് ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രോഗികൾക്ക് അത്യാവശ്യം വേണ്ടുന്ന മരുന്നുകളും സാധന സാമഗ്രികളും ഇപ്പോൾ നൽകുന്നുണ്ട്. ജീവൻ രക്ഷാമരുന്നുകൾ ഇപ്പോൾ ആവശ്യത്തിന് അവിടെ ലഭ്യമാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ 40 വർഷം പഴക്കമുള്ള ഓപ്പറേഷൻ തിയേറ്റർ നവീകരിക്കുന്നതിന് കേന്ദ്രീകൃത

LIBRARY ARCHIVES Kerala Legislative Assembly

ശീതീകരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ അത്യാഹിത വിഭാഗത്തോടനുബന്ധിച്ച് ഒരു എമർജൻസി ഓപ്പറേഷൻ തിയേറ്റർ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ട്രോമാകെയർ സെന്ററിനുവേണ്ടി മൂന്ന് നില ഒരു കെട്ടിടം പൂർത്തിയാക്കി. അതിനുവേണ്ടിവരുന്ന അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. 60 ലക്ഷം രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിച്ച് കഴിഞ്ഞു. 2002-2003-ൽ 50 ലക്ഷം രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് വാങ്ങിയിട്ടുണ്ട്. 2003-2004 വർഷത്തിൽ 2.70 കോടി രൂപ പല നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നീക്കിവച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ നടപടികൾക്കായി രണ്ടു ലക്ഷം രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ എസ്.എ.ടി. ആശുപത്രിയിൽ ബെഡ് കം പാസഞ്ചർ ലിഫ്റ്റും റാമ്പും സ്ഥാപിക്കുന്നതിനുള്ള നിർമ്മോണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. രോഗികളെ കിടത്തി മുകളിലെ നിലയിൽ കൊണ്ടുപോകുന്നതിനുള്ള റാമ്പ് -നിർമ്മോണം നടന്നുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ലബോറട്ടറി സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഈ ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസ് ആക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വിദേശ മലയാളികളുടെ സഹായത്തോടുകൂടി ഇൻഡ്യയിലെ മറ്റ് മെഡിക്കൽ കോളേജിൽ ഇല്ലാത്ത രൂപത്തിലുള്ള ക്ലിനിക്കൽ ലൈബ്രറി മെഡിക്കൽ കോളേജിൽ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ പ്രവർത്തനം നന്നായി നടന്നു കൊണ്ടിരിക്കുകയാണ്. എല്ലാ നിലയിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയ്ക്ക് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സന്നദ്ധ സംഘടനകളുടേയും എൻ.ജി.ഒ.-യൂണിയന്റെയും റോട്ടറി ക്ലബ്ബിന്റെയും ഐ.എം.എ.-യുടെയും സഹായം ഇപ്പോൾ ഈ മെഡിക്കൽ കോളേജിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയുള്ള രോഗികളുടെ ബന്ധുക്കൾക്ക് പുറത്ത് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ മറ്റ് പല മെഡിക്കൽ കോളേജുകൾക്കും ലഭ്യമാകുന്നതിനേക്കാൾ കൂടുതൽ സൗകര്യങ്ങളും സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിച്ചുവരുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. വർക്കല കഹാർ : സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി നേരിടുന്ന ഗുരുതരമായ ശോചനീയാവസ്ഥയ്ക്ക് ഇതൊന്നും പരിഹാരമായില്ല എന്നാണ് എന്റെ അഭിപ്രായം. അഡ്മിറ്റ് ചെയ്യുന്ന രോഗികളിൽ തന്നെ നിരവധി പുതിയ രോഗങ്ങൾ ഉണ്ടാകുന്നുണ്ട് എന്നാണ് വിദഗ്ദ്ധരായ ആളുകൾ പറയുന്നത്. തിരുവനന്തപുരത്തിന്റെ വികസനത്തിന് ഒരു കാലത്തുമില്ലാത്ത താൽപ്പര്യം സർക്കാർ പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങളിൽ ആരെക്കാളും താൽപ്പര്യം എടുത്തിരിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്തിന്റെ വികസനത്തിന് പ്രധാന ഘടകം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം കൂടിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ രണ്ട് ജില്ലകളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളെ സംഘടിപ്പിച്ചുകൊണ്ടുള്ള ഉന്നത നിലവാരത്തിലുള്ള ഒരു കോൺഫറൻസ് വിളിക്കൻ മുൻകയ്യെടുക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. മാരൊക്കെ ഇക്കാര്യത്തിൽ ബന്ധപ്പെടുന്നുണ്ട്. എം.എൽ.എ. സ്കീമിൽ അവർക്ക് നൽകാവുന്ന ഫണ്ട് നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെ മറ്റ് പല സംഘടനകളുടേയും യോഗം വിളിച്ചുകൂട്ടി അവരോടും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ സഹായമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ വളരെയധികം തൽപ്പരനാണ്. അദ്ദേഹം കൂടെക്കൂടെ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാറുമുണ്ട്. മറ്റ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട എം.എൽ.എ.-മാർ ഈ ആവശ്യത്തിനായി മുഖ്യമന്ത്രിയെ വിളിക്കുകയാണെങ്കിൽ വളരെയധികം തിരക്ക് ഉള്ളതുകൊണ്ട് അദ്ദേഹത്തെ ഇക്കാര്യത്തിൽ ബുദ്ധിമുട്ടിക്കണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ആരോഗ്യ വകുപ്പുമന്ത്രി തന്നെ ഇക്കാര്യത്തിൽ യോഗം വിളിച്ചുകൂട്ടി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അത് മതിയാകാത്തപക്ഷം എം.എൽ.എ.- മാർക്ക് മുഖ്യമന്ത്രിയെ സമീപിക്കാം.

IV സബ്മിഷൻ

(1) സി.പി.എം. (എം) വിശദീകരണയോഗത്തിൽ നടന്നതായി പറയുന്ന ബി.ജെ.പി. അതിക്രമങ്ങൾ

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടിന് അടുത്തുള്ള അമ്പലത്തറയിൽ സി.പി.എം.-ന്റെ പോളിറ്റ്ബ്യൂറോ അംഗവും മുൻ മുഖ്യമന്ത്രിയുമായിരുന്ന സഖാവ്. ശ്രീ. ഇ.കെ. നായനാർ പങ്കെടുത്ത സി.പി.എം. പൊതുയോഗം അലങ്കോലപ്പെടുത്താൻ ബി. ജെ. പി., ആർ. എസ്. എസ്. അക്രമിസംഘം ശ്രമിച്ച അങ്ങേയറ്റം ഹീനമായ സംഭവം ഇന്നലെ നടന്നിരിക്കുകയാണ്. മാരകായുധങ്ങളുമായി ഒരു സംഘം ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർ സി.പി.എം. യോഗത്തിലേക്ക് ഇരമ്പിക്കയറുകയാണുണ്ടായത്. ജനങ്ങൾ തന്നെ ഇവരെ പിടികൂടിയെങ്കിലും ഈ ക്രിമിനൽ സംഘത്തിലെ ഒരാളെ മാത്രം അറസ്റ്റ് ചെയ്തു. മറ്റ് നാലുപേരെയും രക്ഷപ്പെടുത്താൻ വേണ്ട വഴിയൊരുക്കുകയാണ് പോലീസ് ചെയ്തത്. ഈ പ്രദേശത്തുള്ള ബി.ജെ.പി. ക്രിമിനൽ സംഘത്തെ പോലീസിന് ഭയമാണ് എന്നുള്ളതാണ് യഥാർത്ഥ വസ്തുത. യോഗം കഴിഞ്ഞ് പ്രവർത്തകർ മടങ്ങിപ്പോകുകയായിരുന്ന വാഹനങ്ങൾക്കുനേരെ അക്രമം നടന്നു. സി.പി.എം. ഓഫീസ് പൂർണ്ണമായും തകർന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. കാഞ്ഞങ്ങാടിന്റെ സമീപ പ്രദേശങ്ങളിലെ ബി.ജെ.പി./ആർ.എസ്.എസ്. കേന്ദ്രങ്ങൾ ബി.ജെ.പി.

LIBRARY ARCHIVES Kerala Legislative Assembly